OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

Vol. 3 Book. 1 Regd. No. ER/450/2001 1196 ധനു - മകരം Date: 31.01.2021

## പത്രാധിപക്കുറിപ്പ്

# പതിവുപോൽ വീണ്ടും മറ്റൊരു പുതുവർഷം



കെ രാജീവൻ, പ്രസിഡന്റ്

പുതുവർഷപ്പിറവിയെ ഒരാഘോഷമായി ആചരിക്കാൻ തുടങ്ങിയത് എന്ന് തൊട്ടു എന്നതിനെക്കുറിച്ച് വിവിധങ്ങളായ അഭിപ്രായങ്ങൾ നിലവിലുണ്ട്. നാലായിരം വർഷങ്ങൾക്കു മുൻപ് പുരാതന ബാബിലോണിയയിലാണ് പുതുവർഷാഘോഷങ്ങൾക്ക് തുടക്കമിട്ടത് എന്നാണ് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നത്. ദിനരാത്രങ്ങൾ തുല്യമായ വിഷുവം അഥവാ Equinox നെ തുടർന്നു വരുന്ന ചന്ദ്രോദയമായിരുന്നു പുതുവർഷപ്പിറവിയുടെ തുടക്കം.

സ്വാഭാവികമായും മാർച്ച് മാസം കൊണ്ടാടിയിരുന്ന പുതുവർഷപ്പിറവി പിന്നീട് ക്രി. മു 46 ൽ ചക്രവർത്തി ജൂലിയസ് സീസർ നടപ്പിൽ വരുത്തിയ, ഇന്നത്തെ ഗ്രിഗോറിയൻ കലണ്ടറിന്റെ മുൻരൂപമായ ജൂലിയൻ കലണ്ടർ പ്രകാരം ജനുവരി മാസത്തിൽ ആചരിച്ചു തുടങ്ങി. റോമൻ ഇതിഹാസത്തിൽ പരാമർശിക്കുന്ന ജനൂസ് ദേവന്റെ പേരിൽ നിന്നും രൂപപ്പെട്ടതാണ് ജനുവരി മാസം. പുരാതന റോമൻ ജനത ജനനമരണങ്ങൾ, ബാല്യ കൗമാര യൗവന വാർധക്യങ്ങൾ, യുദ്ധം സമാധാനം എന്നു തുടങ്ങി മനുഷ്യ ജീവിതസംബന്ധിയായ സകല വൈരുദ്ധ്യങ്ങളിലും വൈജാത്യങ്ങളിലും ജനുസ് ദേവന്റെ സർവതലസ്പർശി യായ മേൽനോട്ടവും ഇടപെടലുകളും ദർശിച്ചിരുന്നു. മനുഷ്യസമൂഹം കാലക്രമേണ രൂപപ്പെടുത്തിയ വിവിധങ്ങളായ ആചാരാനുഷ്ഠാനങ്ങളിൽ ജനുസ് ദേവന്റെ സ്വാധീനം അടയാളപ്പെടുത്തുന്നുണ്ട് . ഒരേസമയം ഭൂതവും ഭാവിയും വീക്ഷിക്കാൻ കഴിയുന്ന ദ്വിമുഖനായ ജനുസ് ദേവനെ എല്ലാറ്റിനും തുടക്കം കുറിക്കുന്നദൈവമായാണ് റോമൻ ജനത ആരാധിക്കുന്നത്.



ഒരേസമയം ഭൂതവും ഭാവിയും വീക്ഷിക്കാൻ കഴിയുന്ന ദ്വിമുഖനായ ജനുസ് ദേവൻ

അത് കൊണ്ട് തന്നെ , പുതുവർഷത്തിന്റെ ആരംഭം കുറിക്കാൻ ദേവന്റെ പേരിൽ നിന്നും ഉയിരെടുത്ത ജനുവരി മാസം ഒന്ന് തന്നെയായി തീരുമാനിക്കുകയും ചെയ്തു. ഇത്രയുമാണ് പുതുവർഷാഘോഷത്തെക്കുറിച്ചുള്ള ആമുഖ ചരിതം. ചരിത്രത്തെ തത്ക്കാലത്തേക്ക് നമുക്ക്മാറ്റി നിർത്താം.

കാലം ഏറെ മുന്നോട്ട് കുതിച്ചപ്പോൾ, വിവരസാങ്കേതികതയുടെ അത്യസാധാരണമായ വളർച്ചയും വ്യാപനവും അതേവരെ തുടർന്ന് വന്ന ജീവിതശൈലിയിൽ കാതലായ മാറ്റം വരുത്തിയപ്പോൾ, തദനുസാരമായി മറ്റ് ആചാരങ്ങളിലും ആഘോഷങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ വന്നു എന്നത് മറ്റൊരു യാഥാർത്ഥ്യം. ഈയൊരു മാറ്റം പുതുവർഷാഘോഷങ്ങളിലും പ്രതിഫലിച്ചു എന്നത് ഒട്ടും സന്തോഷപ്രദമല്ലതന്നെ.
കാലദേശഭേദങ്ങൾക്കതീതമായി നൻമയുടെ, സൗഹൃദത്തിന്റെ, സ്വാന്തനത്തിന്റെ സുഗന്ധ പൂരിതമായ സന്ദേശങ്ങൾ കൈമാറാൻ മാത്രം പ്രത്യേകം മാറ്റിനിർത്തിയ ഒരവസരമായാണ് പുതുവർഷപ്പിറവിയെ നൂറ്റാണ്ടുകളോളം നാം കൊണ്ട് നടന്നത്. വിവിധ വർണ്ണങ്ങളിൽ, വിവിധ രൂപങ്ങളിൽ രൂപപ്പെടുത്തിയ ആശംസ കാർഡുകളിലൂടെ നിറഞ്ഞു കവിയുന്ന സന്തോഷവും സമ്പൽ സമൃദ്ധിയും കൈമാറുമ്പോൾ അയക്കുന്നവനും സ്വീകരിക്കുന്നവനും അനുഭവിക്കുന്ന സവിശേഷമായ മാനസികാനുഭൂതിക്ക് സമാനതകളില്ല. അത് കൊണ്ട് തന്നെ പുതുവത്സരാശംസകൾ കൈമാറാൻ വേണ്ടി കാത്തിരിക്കുന്നതും പതിവായിരുന്നു. ആശംസകാർഡുകൾ മാത്രം വില്പനയ്ക്ക് വച്ചിരുന്ന നിരവധി കടകൾ മിക്കവാറും പട്ടണങ്ങളിൽ ഇടംപിടിച്ചിരുന്നു. അതോടൊപ്പം തന്നെ വേറിട്ട നിലവാരം കാഴ്ച വെക്കുന്ന ബ്രാൻഡഡ് കാർഡുകൾ മാത്രം നിർമ്മിക്കുന്ന കാർഡ് നിർമാതാക്കളും അവരുടെ പ്രത്യേക കടകളും ഇവിടെ ഉണ്ടായിരുന്നു. എല്ലാം കാണിക്കുന്നത് പുതുവൽസരാഘോഷങ്ങളിൽ എത്രമാത്രം താത്പര്യം നാം വച്ച് പുലർത്തിയിരുന്നു എന്നാണ്. പക്ഷേ, വിധിവൈപരീത്യമെന്ന് തന്നെ വിശേഷിപ്പിക്കാം അത്തരം കടകളും അതിൽ നിരനിരയായി അടുക്കിവെച്ച അസംഖ്യം കാർഡുകളും കാർഡുകൾ തിരയാൻ തിരക്ക് കൂട്ടിയ ആൾക്കൂട്ടവും എല്ലാം എല്ലാം ഓർമ്മപുസ്തകത്തിലേക്ക് ചേക്കേറിയിരിക്കുന്നു.

മൊബൈൽ ഫോണുകളുടെ അനിയന്ത്രിതമായ വ്യാപനത്തോടെ, എസ് എം എസ് എന്ന ചുരുക്കെഴുത്ത് സന്ദേശങ്ങളുടെ അഭൂതപൂർവമായ സ്വീകാര്യതയോടെ അതുവരേയ്ക്കും അരങ്ങ് അടക്കിവാണ ആശംസ കാർഡുകൾ പതിയെ പിന്നാക്കം പോയി. പിന്നീട് ഒരു പടികൂടി കടന്നു ഫേസ്ബുക്ക്, വാട്സ് ആപ്പ് തുടങ്ങിയ സാമൂഹ്യ മാദ്ധ്യമങ്ങൾ ഒരനിവാര്യതയെന്നോണം നമ്മളി

ലേക്ക് കുടിയേറിയതോടെ ആശംസകാർഡുകളുടെ ചരമ ഗീതം മുഴങ്ങി.

പക്ഷേ, ഈയൊരു പരിണാമ പ്രക്രിയയിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ നമുക്കിടയിൽ നിന്നും ചോർന്നു പോയ അമൂല്യമായ മറ്റൊന്നുണ്ട്. പണ്ടത്തെ ആശംസാകാർഡു കളിൽ തുളുമ്പാൻ പാകത്തിൽ നാം നിറച്ച് വച്ചിരുന്ന ആത്മാംശം. ഇനിയൊരിക്കലും തിരിച്ചു കിട്ടാനാവാത്ത നിലയിൽ അത് നമുക്ക് കൈമോശം വന്നിരിക്കുന്നു. ഇത്തിരി പോലും മിനക്കെടാതെ ആരോ ഫോർവേർഡ് ചെയ്ത ആശംസാ ചിത്രം അതിലെ അക്ഷര തെറ്റ് പോ ലും കണ്ണിൽപ്പെടാതെ, വന്ന അതേ വേഗത്തിൽ തിരിച്ചു മറ്റൊരുവന് ഫോർവേർഡ്ചെയ്യുമ്പോൾ ആത്മാംശത്തിന് അവിടെ പ്രസക്തിയില്ലല്ലോ?

2020 എന്ന വർഷത്തെ കറുത്ത യാഥാർത്ഥ്യങ്ങളുടെ നിലവറയെന്ന നിലയിൽ നമ്മുടെ മനസ്സിൽ നിന്നും നമുക്ക് മാറ്റി നിർത്താം പ്രത്യാശയുടെ പുതുകിരണങ്ങളുമായി 2021 ഇതാ നമുക്കിടയിൽ നമ്മോടൊപ്പം. കോവിഡ് 19നെ മനുഷ്യരാശിക്ക് മേലെ ചരിത്ര സമാനതകളില്ലാത്ത ദുരന്തം വിരിച്ച കേവലം ഒരു മഹാമാരിയെന്നതിലുപരി മനുഷ്യ വംശം നാളിതുവരെ ദർശിച്ചിട്ടില്ലാത്ത, അനുഭവിച്ചിട്ടില്ലാ ത്ത ഒരു പുതിയ ജീവിതക്രമം രൂപപ്പെടുത്തിയ ഒരു പ്രതിഭാസം എന്ന നിലയിൽ കാണേണ്ടതുണ്ട്.

ക്ഷണികമാത്രയിൽ അത് നമ്മുടെ നിത്യ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ അവിശ്വസനീയമാണ്. സാമൂഹ്യ അകലം പാലിക്കൽ, ഓൺലൈൻ മീറ്റിങ്ങുകൾ, ഓൺലൈൻ വിദ്യാഭ്യാസം , വർക് ഫ്രം ഹോം, മുഖാവരണം ധരിക്കൽ അങ്ങനെ മുൻപ് കേട്ടറിവില്ലാത്ത നിരവധി കാര്യങ്ങൾ നിത്യ ജീവിതത്തിന്റെ ഭാഗമായി മാറി. ഇനിയങ്ങോട്ട് ഇതാണ് നടപ്പ് രീതിയെന്ന് നാം അംഗീകരിക്കുകയും ചെയ്തു.

പതിവ് പോൽ മറ്റൊരു പുതുവർഷത്തിന്റെ തിരനോട്ടം. ധനാധിപത്യത്തിന്റെ ആർഭാടങ്ങളിൽ നിന്നും വിടപറഞ്ഞു, ആചാരാനുഷ്ഠാനങ്ങളിൽ ലാളിത്യത്തിന്റെ നറും സുഗന്ധം പകർന്നു, അനുകമ്പയും സഹാനുഭൂതിയും ജീവിതചര്യ യായി ശീലപ്പെടുത്തേണ്ടതിന്റെ ആവശ്യം ഉൾക്കൊണ്ട് നമുക്ക് പുതുവർഷത്തെ സ്വാഗതം ചെയ്യാം.

സ്നേഹത്തോടെ
രാജീവൻ



വത്തിക്കാൻ മ്യൂസിയത്തിലെ ദ്വിമുഖ ജാനസ് പ്രതിമാ ശില്പ്പം






## വൈദ്യുതി വില്ലനായി, കേസ് നീട്ടി!

ഡെൽഹി ഹൈക്കോടതിയിൽ ദീർഘകാലമായി നിലവിലുള്ള നമ്മുടെ W.P. 1875/2013 –ാം നമ്പർ റിട്ട് പെറ്റീഷൻ നേരത്തെ വാദം കേൾക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ സി.എം. 2792/2020 –ാം നമ്പർ ഹർജിയിൽ വിഡിയോ കോൺഫറൻസിങ്ങ് വഴി കേൾക്കാൻ എടുത്തെങ്കിലും വാദിഭാഗം വക്കീലിന്റെ ചേംബറിൽ പവർ സപ്ലൈ ഇല്ലാതെ വന്നതിനാൽ ലോഗിൻ ചെയ്യാൻ കഴിഞ്ഞില്ല. ഇത് ടെലിഫോൺ വഴി അറിയിച്ച് ഏറ്റവും അടുത്ത തിയതിയിൽ കേസ് പോസ്റ്റ് ചെയ്യണമെന്ന് അപേക്ഷിച്ചെങ്കിലും 2021 മാർച്ച് 18–ാം തിയതി ലിസ്റ്റ് ചെയ്ത W.P.(C)No. 8095/2016, W.P.(C)No. 9679/2016 എന്നീ റിട്ട് പെറ്റീഷ നുകൾക്കൊപ്പം കേൾക്കുന്നതിനായി നീട്ടി വയ്ക്കുക യാണുണ്ടായത്.

## ശമ്പളക്കുടിശ്ശിക

11–ാം ഉഭയകക്ഷി കരാർ പ്രകാരമുള്ള ശമ്പളക്കു ടിശ്ശിക, കരാർ കാലയളവിൽ സർവീസിലുണ്ടാ യിരുന്നവരും എന്നാൽ ഇപ്പോൾ റിട്ടയർ ആയിട്ടുള്ള വരുമായവർക്ക് പെൻഷൻ വാങ്ങുന്ന അതാത് സർക്കിളുകൾ പ്രത്യേകം ക്ലെയിം വാങ്ങി കൊടുക്കു ന്നതിന് തിരുമാനിച്ചിട്ടുള്ളതായി എസ്.ബി.ഐ. സെന്റ്രൽ ഓഫീസിൽ നിന്നും അറിയിച്ചു. പി.എഫിലേയ്ക്കുള്ള ബാങ്കിന്റെ വിഹിതം പി.പി.ജി.

എ.എം.സി. കൊൽക്കത്ത, ലിസ്റ്റ് ചെയ്ത് അതാതിടങ്ങളിൽ അപ്പ്ലോഡ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

# സഞ്ജീവിനി ആപ്പ്

### ജേക്കബ്ബ് കാരിയത്തിൽ

രാവിലെ എഴുന്നേൽറ്റത് മുതൽ കഴുത്തിന് വല്ലാത്ത വേദനയായിരുന്നു. ഒരു മണിക്കൂർ കൂടി കഴിഞ്ഞ പ്പോൾ വേദന കൂടി, കിടക്കാനോ ഇരിക്കാനോ സാധിക്കാത്ത അത്ര വേദന. ആശുപത്രിയിലേക്ക് പോകണമെന്ന് ആഗ്രഹം തോന്നിയെങ്കിലും സഹിക്കാൻ ആകാത്ത വേദന കാരണം പുറത്തേക്ക് ഇറങ്ങാൻ നിവർത്തിയില്ല. അങ്ങനെ വിക്സ് പുരട്ടി വീട്ടിൽ തന്നെ കഴിച്ചുകൂട്ടി.

വേദന കൂടിക്കൂടി വന്നതിനാൽ ഒടുവിൽ കേന്ദ്ര സർക്കാരിന്റെ ഓൺലൈനായി ഡോക്ടറെ കാണുന്ന സേവനമായ സഞ്ജീവിനി ആപ്പ് ഒന്ന് പരീക്ഷിക്കാം എന്ന് കരുതി. ആപ്പ് ഡൗൺലോഡ് ചെയ്ത് എന്റെ സ്ഥലവും ഭാഷയുമെല്ലാം കൊടുത്ത് 5 മിനിറ്റിനുള്ളിൽ ലോഗിൻ കംപ്ലീറ്റ് ചെയ്തു.

കേന്ദ്രസർക്കാരിന്റെ ഡോക്ടർ ആണെന്ന് പറഞ്ഞപ്പോൾ ഹിന്ദിയോ ഇംഗ്ളീഷോ ആണ് പ്രതീക്ഷിച്ചത്. പ്രതീക്ഷതിന് വിപരീതമായി വീഡിയോ കാൾ കണക്ട് ആയത് തിരുവനന്തപുരത്തുള്ള സർക്കാർ ക്യാൻസൽട്ടിങ്ങ് കേന്ദ്രത്തിലേക്കാണെന്ന് എഴുതി കാണിച്ചു.



ഒരു മലയാളി ഡോക്ടർ എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. ഡോക്ടർ വളരെ സൗമ്യതയോടെ എന്റെ രോഗവിവരങ്ങൾ ചോദിച്ച് മനസിലാക്കി മരുന്ന് കുറിച്ചു. അങ്ങനെ പത്ത് മിനുറ്റുകൊണ്ട് സൗജന്യമായി ഡോക്ടറെ കണ്ടു. വീഡിയോ കാൾ ഡിസ്കണക്ട് ആകുമ്പോൾ പ്രൊഫൈലിൽ നിന്ന് മരുന്നിന്റെ വിവരങ്ങൾ എടുക്കാമെന്ന് ഡോക്ടർ തന്നെ ആപ്പിന്റെ രീതികൾ പരിചയപ്പെടുത്തിത്തന്നു.

കാൾ ഡിസ്കകണക്ട് ആയതും സെക്കന്റുകൾക്കു ള്ളിൽ ആവശ്യമായ മരുന്നുകൾ പ്രിസ്ക്രിപ്ഷനിൽ വന്നു. അനിയനെ മെഡിക്കൽ ഷോപ്പിൽ വിട്ട് മരുന്ന് വാങ്ങിപ്പിച്ചു. മെഡിക്കൽ ഷോപ്പിൽ 60 രൂപയാണ് മരുന്നിന് ആകെ ചിലവ് വന്നത്. എത്ര ലളിതമാണ് ഇപ്പോൾ കാര്യങ്ങൾ...10 മിനുറ്റ് പോലും വേണ്ടിവന്നില്ല ഒരു ഡോക്ടറെ കാണാൻ!

ഞാൻ പോലും കേന്ദ്ര സർക്കാരിന്റെ ഈ സേവനം ആദ്യമായാണ് ഉപയോഗപ്പെടുത്തിയത്. നമ്മളിൽ പലരും ഇത് ഉപയോഗപ്പെടുത്തിയിട്ടുണ്ടാവില്ല. നമുക്ക് മാത്രമല്ല കേട്ടോ നമ്മുടെ വീട്ടിലെ മറ്റ് അംഗങ്ങൾക്കും ഇതുപോലെ ഡോക്ടറുടെ സേവനം ലഭിക്കാൻ ആപ്പിൽ സൗകര്യമുണ്ട്. കൊറോണ കാലഘട്ടത്തിൽ ഈ സേവനം ഉപയോഗപ്പെടുത്തുന്നത് വഴി പ്രായമായവർക്കൊക്കെ എത്രയോ ഉപകാര കരമാണ്.

കിടക്കുന്ന മുറിയിൽ നിന്ന് പുറത്തിറങ്ങാതെ നമുക്കിപ്പോൾ ഗവണ്മെന്റ് ഡോക്ടറെ കാണാം. ഇത്രയും ഉപകാരിയായ ഒരു ആപ്ലിക്കേഷനെ നിങ്ങൾക്ക് പരിചയപ്പെടുത്തണം എന്ന് തോന്നിയതി നാലാണ് ഇതിവിടെ കുറിക്കുന്നത്. ആപ്പിന്റെ ലിങ്ക് താഴെ കമന്റിൽ ചേർക്കുന്നു.

https://play.google.com/store/apps/details?id=in.hied.esanjeevaniopd

# കേരളാ സർക്കാരിന്റെ ടൂറിസ്റ്റ് ബോട്ട് @400 രൂപയ്ക്ക്



### അലക്സ് മേനാംപറമ്പിൽ

ആലപ്പുഴയിൽ നിന്ന് 5 മണിക്കൂർ ഒരു കിടിലൻ ബോട്ട് യാത്ര..❤അതെ ആലപ്പുഴയിൽ 400 രൂപയ്ക്ക് 5.00 മണിക്കൂർ കിടിലൻ ബോട്ട് യാത്ര കൂടാതെ എസി വേണമെങ്കിൽ അതും 600 രൂപയ്ക്ക് സർക്കാരിന്റെ ബോട്ട്.

എസിയിൽ 40 സീറ്റും നോൺ എസിയിൽ 120 സീറ്റും ഉണ്ട്. വിളിച്ചു ബുക്ക് ചെയ്ത് വന്നാൽ മാത്രമേ സീറ്റ് ലഭിക്കുകയുള്ളൂ. കൂടാതെ ബുക്ക് ചെയ്യുന്ന ഫോൺ നംബർ ഉള്ള വ്യക്തി ബോട്ടിൽ ഉണ്ടായിരിക്കണം.

രാവിലെ 11.00 മണിക്ക് ആരംഭിക്കുന്ന ബോട്ട് യാത്ര ആലപ്പുഴ ബോട്ട് ജെട്ടിയിൽ നിന്നും ആരംഭിച്ച് നേരെ ഫിനിഷിംഗ് പോയിന്റ് വഴി നേരെ സ്റ്റാർട്ടിംഗ് പോയിന്റിലേക്ക്.... അവിടെ നിന്നും നേരെ വേമ്പനാട്ട് കായലിലൂടെ പാതിരാമണൽ ലക്ഷമാക്കി നമ്മൾ യാത്ര തുടരുന്നു.

ആ യാത്രയിൽ സായികേന്ദ്രവും കണ്ട് പാതിരാമണലിൽ ബോട്ട് അടുപ്പിക്കും. അവിടെ കയറുന്നതിന് ഒരാൾക്ക് 10.00 രൂപ ചാർജ് ഏർപ്പെടുത്തിയിട്ടുണ്ട്. 1.00 മണിക്ക് അവിടെ എത്തിയ നമുക്ക് നേരത്തെ കുടുംബശ്രീയിലെ ചേച്ചിമാർ ഊണിന് വേണ്ട കൂപ്പൺ തന്നിരിക്കും. 100 രൂപയാണ് ഊണിന് ചാർജ് മീൻകറി, സാമ്പാർ, പുളിശ്ശേരി, കക്കായിറച്ചി, അവിയൽ, തോരൻ, അച്ചാർ എന്നിവ ഉണ്ടാകും. 1 മണിക്കൂർ സമയം അവിടെ കാണാനും ഫുഡ് കഴിക്കാനുമായി ലഭിക്കും.

**കുറച്ച് റെസ്റ്റ് എടുത്ത് 2.00 മണിക്ക് വീണ്ടും ബോട്ട് പുറപ്പെടും നേരെ കുമരകം ലക്ഷ്യമാക്കി ഇതിനിടയിൽ നമുക്ക് ഐസ്ക്രീം ചായ സ്നാക്സ് മുതലായവ ബോട്ടിൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്.**

**കുമരകം കായലിന്റെ സൈഡിലെ കുരിശടി വഴി ബോട്ട് പിന്നീട് ആർ. ബ്ലോക്ക് ലക്ഷ്യമാക്കി പോകും ആ റൂട്ടിൽ അധികം ബോട്ടുകൾ പോകാത്ത റൂട്ടാണ്. ആദ്യ അനുഭവമായി ആ യാത്ര കൂടാതെ പലതരം പക്ഷികളെ ആ യാത്രയിൽ കാണാൻ സാധിച്ചു.**

**3.15 നോടുകൂടി ആർ ബ്ലോക്കിൽ നിന്നും സ്ഥിരം കോട്ടയം ആലപ്പുഴ റൂട്ടിലൂടെ ബോട്ട് ആലപ്പുഴയിലേക്ക് യാത്രയായി. ഈ യാത്രയിൽ ബോട്ടിന്റെ മുൻപിലും പുറകിലും നിൽക്കാനും ഇരുന്ന് യാത്ര ആസ്വദിക്കാനും സാധിക്കും...**

**4.00 മണിയോടെ ബോട്ട് ആലപ്പുഴ ബോട്ട് ജെട്ടിയിൽ ബോട്ട് അടുപ്പിച്ചു. 11 മണിക്ക് ആരംഭിച്ച യാത്ര 4 മണിക്ക് തിരികെ എത്തി. കൂടാതെ ഇവിടെ നിന്നും ബീച്ചിൽ പോയി ലൈറ്റ് ഹൗസും, ബീച്ചും കണ്ട് സൂര്യാസ്തമയത്തോടു കൂടി വീട്ടിലേക്ക് മടങ്ങാം. ഒരു ദിവസം ആലപ്പുഴ കുറഞ്ഞ ചിലവിൽ കാണാൻ ആഗ്രഹിക്കുന്നവർക്ക് ഇത് ശരിക്കും പ്രയോജനം ചെയ്യും തീർച്ച.**

**ബുക്കിംഗിന് വിളിക്കേണ്ട നമ്പറുകൾ :_**
**9400050322**
**9400050325**
**9400050327.**

**(വാർത്ത കടപ്പാട്)**
**Copy post**

## കുരുമുളകു ചെടികൾ വച്ചുകെട്ടിയപ്പോൾ



.

**പി.പി.ഫിലിപ്പ്**

200 തേക്കു നട്ടിട്ടു കൊല്ലം നാലു കഴിഞ്ഞു. അത്ര നന്നായതായി തോന്നിയില്ല. പണിക്കു വന്ന ഒരു തൊഴിലാളി സുഹൃത്ത് ഉപദേശിച്ച പ്രകാരം തേക്കിൻ ചുവട്ടിൽ കഴിഞ്ഞ ജൂൺ മാസം കുരുമുളകു കൊടിയിട്ടു.

1960 കളിൽ വല്യപ്പന്റെ (അപ്പന്റെ അപ്പൻ ) കൂടെ നടന്നു ചന്നം പിന്നം മഴ പെയ്യുന്ന കർക്കിടകത്തിലെ തിരുവാതിര ഞാറ്റുവേലക്കു കുരുമുളകു ചെടി നട്ട കാലം നല്ലവണ്ണം ഓർമ്മയിലുണ്ടായിരുന്നു. "പട്ടിമുള്ളി " വള്ളികൾ തിരിച്ചറിയാനുള്ള കഴിവു അന്നാർജിച്ചതായിരുന്നു.

ആറു മാസം പ്രായമെത്തിയ ഈ ചെടികൾ തടികളിലേക്കു കെട്ടി വയ്ക്കേണ്ട വണ്ണം ഇപ്പോൾ വളർന്നു നീണ്ടിരുന്നു. ഒരു തൊഴിലാളി സുഹൃത്തിനൊപ്പം ശാബത്തിന്റെ വിലക്കു മറന്നു ആ ചെടികൾ ഓരോ മരച്ചുവട്ടിലും ചെന്നു, ഇന്നു കെട്ടിവച്ചു. പണി കഴിഞ്ഞപ്പോൾ വലിയൊരു സന്തോഷവും സംതൃപ്തിയും കൈവന്നു. റിട്ടയർമെന്റ് ജീവിതകാലം ആരോഗ്യ മനുവദിക്കുമെങ്കിൽ തെരഞ്ഞെടുക്കാവുന്ന ഏറ്റവും നല്ല ജോലി കൃഷി തന്നെയാണ് . അങ്ങനെയൊരു വലിയ റിട്ടയർമെന്റ് കൃഷിക്കാരനെ കഴിഞ്ഞ ദിവസം കണ്ടെത്തി.

1967-69 പ്രിഡിഗ്രി കാലത്തേ ആത്മാർത്ഥ സുഹൃത്ത് . അദ്ദേഹം വലിയൊരു ബാങ്കിൽ, വലിയൊരു സ്ഥാനം വഹിച്ചു റിട്ടയർ ചെയ്തിട്ടു പിന്നെയും മുബൈയിൽ നാലു വർഷം ഉദ്യോഗം. നോക്കി. പിന്നെ നാട്ടിലേക്കു വന്ന അദ്ദേഹമിപ്പോൾ ഒരു മുഴുസമയ കർഷകനാണു പോലും . !

തെങ്ങും കവുങ്ങും മാവും പ്ലാവും റബറുമൊന്നും അദ്ദേഹം നടുന്നില്ല. കാരണമുണ്ട് , ഉടനുടൻ അനുഭവം കിട്ടുന്ന കൃഷികൾ മതി അദ്ദേഹത്തിനിപ്പോൾ . പയർ, പാവൽ, വെണ്ട, വഴുതന, വാഴ ഇത്യാദികൾ . ലാഭം നോക്കാത്ത അദേഹത്തിനു വിലക്കുറവു ഒരു പ്രശ്നമേയല്ല. കൃഷിയുടെ മനസ്സുഖം, വളർച്ച കാണുമ്പോൾ കിട്ടുന്ന സംതൃപ്തി . പച്ചപ്പിനൊത്തു സമയം ചെലവഴിക്കുക, അത്രമാത്രം. വാർദ്ധക്യ പ്രശ്നങ്ങൾ അദ്ദേഹം അറിയുന്നില്ല.

റിട്ടയർമെന്റ് കാലത്തു മണ്ണിലേക്കു മടങ്ങൂ, പ്രകൃതിയെ പുൽകൂ , പുതു നാമ്പുകളോടൊത്തു കഴിയൂ. വീണ്ടും ചെറുപ്പമാർജിക്കൂ ആഹ്ലാദിച്ചാസ്വദിച്ചു മരണം വരിക്കൂ, പത്തു കൊടിത്തണ്ടു വച്ചു കെട്ടിയപ്പോൾ വന്ന വികാരത്തള്ളലാണിതെല്ലാം

# Without "I"&"U"

**Thulasi**

**How Can You "SM_LE" Without "I" ?**
**How Can You Be "F_NE" Without "I" ?**
**How Can You "W_SH" Without "I" ?**
**How Can You Be "N_CE" Without "I" ?**
**How Can You Be a "FR_END" Without "I" ?**

**So "I" Am Very Important!**

**But How Can I Achieve "S_CCESS" Without "U" ?**
**How Can I "LA_GH" Without 'U'?**
**How Can I Take A "C_P" of Tea or Coffee Without "U"?**
**How Can I Enjoy The "S_NSHINE" Without "U"?**
**How Can I Have "F_N" Without "U"?**
**And That Makes "U" More Important Than "I"!**

**Therefore humans (U & I) = WE need one another in life to be happy, work together and achieve greater things!**

# എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ

# ആലപ്പുഴ യൂണിറ്റ് പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

## ഒരു സന്തോഷ വാർത്ത

ഇന്ന് ബാങ്കിങ് രംഗം ഡിജിറ്റൽ യുഗത്തിലാണ്, പഴയ തലമുറക്കരായ നമ്മളിൽ പലർക്കും പല സാങ്കേതിക വിദ്യകളുമായി പൊരുത്തപ്പെട്ടുപോകാൻ പ്രയാസമാണ് . അതുകൊണ്ടു തന്നെ പലതിന്റെയും പ്രയോജനം പൂർണമായി അനുഭവിക്കാൻ സാധിക്കുന്നില്ല. ഈ സഹചര്യത്തിൽ കഴിഞ്ഞ 12-12-2020 ലെ ജനറൽ ബോഡി യോഗത്തിൽ തിരുമാനിച്ചതനുസരിച്ചു നമ്മുടെ കുട്ടത്തിൽ താല്പര്യവും പരിജ്ഞാനം ഉള്ള ഏതാനും പ്രവർത്തകരെ ഉൾക്കൊള്ളിച്ചുകൊണ്ടു ഒരു സന്നദ്ധ ഗ്രൂപ്പിന് രൂപം കൊടുത്തിട്ടുണ്ട് അതിന്റെ പേരാണ്

**Out Reach SBI PAK ആലപ്പുഴ**

അതിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്ന പ്രകാരമാണ് :-

- നമ്മുടെ ഒരു മെമ്പറുപോലും സാങ്കേതിക അറിവിന്റെയോ പരിചയക്കുറവിന്റെയോ കാരണത്താൽ മാറിനിൽക്കുകയോ നമുക്ക് ബാങ്കിൽ നിന്ന് ലഭിക്കേണ്ട സൗകര്യങ്ങളുടെയും ആനുകൂല്യങ്ങളുടെയും പ്രയോജനം ലഭിയ്ക്കാതിരിക്കുന്ന അവസ്ഥ ഉണ്ടാവുകയോ ചെയ്യാൻ പാടില്ല
- *വാട്ട്സാപ്പ്ഗ്രൂപ്പിൽ കൂടുതൽ അംഗങ്ങളെ ചേർക്കുക, അവശ്യപ്പെടുന്ന പക്ഷം അവരുടെ മക്കളെയോ കൊച്ചു മക്കളെയോ ചേർക്കുക
- *HRMS ഇൽ ലോഗിൻ ചെയ്യാൻ പരിശീലനം കൊടുക്കുക , പെൻഷൻ സ്ലിപ് എങ്ങനെ എടുക്കാം എന്ന് പറഞ്ഞു കൊടുക്കുകയും ആവശ്യമെങ്കിൽ അവർക്കുവേണ്ടി അത് എടുത്തു കൊടുക്കുകയും ചെയ്യുക.
    - ഈമെയിൽ, ഐഡി , എന്നിവ HRMS ഇൽ അപ്‌ലോഡ് ചെയ്യുക.
    - ടാക്സ് കിഴിവ് കിട്ടാൻ ഇൻവെസ്റ്റ്മെന്റ് വിവരങ്ങൾ HRMS ഇൽ കൊടുക്കാനുള്ള വഴികൾ പറഞ്ഞുകൊടുക്കുക
    - HRMS ഇൽ ഫോട്ടോ അപ്‌ലോഡ് ചെയ്യാൻ സഹായിക്കുക. ആവശ്യമെങ്കിൽ അവർക്കുവേണ്ടി അത് ചെയ്യുക.
- *ലൈഫ് സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് അയക്കാൻ സഹായിക്കുക
- *മെഡിക്കൽ ഇൻഷുറൻസ് ഐഡി കാർഡ് ജനറേറ്റ ചെയ്യുക
- *ഇൻകം ടാക്സ് റിട്ടേൺ സംബന്ധമായ നിർദ്ദേശങ്ങൾ /ഉപദേശങ്ങൾ നൽകുക
- *മെഡിക്കൽ ഇൻഷുറൻസ് സംബന്ധമായ സഹായങ്ങൾ കൊടുക്കുക
- *ഈ ഫർമാസി യിൽ രജിസ്റ്റർ ചെയ്യേണ്ട വിധം മനസ്സിലാക്കിക്കൊടുക്കുക

* മറ്റ് ഇതര വിഷയങ്ങൾ

അടുത്തുള്ളവർക്കു ഫോൺ വഴിയോ നേരിട്ടോ ,സാഹചര്യം അനുസരിച്ചു അവരുമായി ബന്ധപ്പെടാവുന്നതാണ്.

ഇതിന്റെ ഭാഗമായി ഗ്രൂപ്പ് അംഗങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ടി പ്രസ്തുത ഗ്രൂപ്പിന്റെ ഒരു മീറ്റിങ് ഓൺലൈനിൽ 01-01-2021 , 3.30 pm ന് നടന്നു . അതിൽ 8 പേർ പങ്കെടുത്തു

അതിൽ താഴെ പറയുന്നവർ വിഷയ അവതരണങ്ങൾ നടത്തിക്കൊണ്ടു വിശദമായ ചർച്ച നടത്തി :-
ആമുഖ പ്രസംഗം - ജയ പ്രകാശ്
ഉൽഘാടനവും HRMS പവർ പോയിന്റ് പ്രസേൻറ്റേഷൻ : ശ്രീ ബി സി ഉണ്ണിക്ക്യഷ്ണൻ നായർ
ഈ ഫർമാസി യും UR World ആപ്പും : ശ്രീ ജേക്കബ് വർഗിസ്
SBI മെഡിക്കൽ ഇൻഷുറൻസ് സ്കീമുകൾ : ശ്രീ മാത്യു അടയ്കാമുണ്ടയ്ക്കൽ
തുടർന്നും ഇത് പോലുള്ള ക്ലാസ്സ്കൾ സംഘടിപ്പിക്കുന്നതായിരിക്കും .

അംഗങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു

### ആലപ്പുഴ ഏരിയ

1) ശ്രീ Narayana Naik -കൺവീനർ Mob no 73067 66166
2) Sri Raveendran M -Mob 94471 53753
3) Sri Umapathy
4) Sreekumar N K mob 9446353816
5) Suresh A P 9497245339
6) Jagadeesh Raj Kumar 9895973514

### ചേർത്തല -കുത്തിയതോട്

1) Sri.B.C.Unnikrishnan Nair - State Vice President Mob 9846130367
2) Pradeep Kumar K ചേർത്തല 99613 55055

### മാവേലിക്കര , കായകുളം പള്ളിക്കൽ

1)Sri Jacob Varghese Mavelikkara: Mob: 98460 66040
2)Thomas P Mathew: 9847059697

### ഹരിപ്പാട് ഏരിയ

1)Sreekumar R Pillai: Mob 9497645787
1)Shaji PD Chengannur. 9446069068

സഹായം അവശ്യമുള്ളവർ മേല്പറഞ്ഞ കമ്മിറ്റി മെമ്പറുമാരുമായി ബന്ധപ്പെടുക
എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അറിയിക്കുക എന്ന് ജയ പ്രകാശ് എ. ജി .
ജില്ല സെക്രട്ടറി

## നേതാജി സുഭാഷ് ചന്ദ്ര ബോസ് 125-ാം ജന്മവാർഷികദിനം



2021 ജനുവരി 23ന് തുടങ്ങി ഒരുവർഷം നീളുന്ന നേതാജി സുഭാഷ് ചന്ദ്ര ബോസിന്റെ 125–മത് ജന്മദിനവാർഷികത്തിന് കേന്ദ്ര സാംസ്കാരിക വകുപ്പ് മന്ത്രാലയം ജനുവരി 23-ാം തിയതി ശനിയാഴ്ച തുടക്കമിട്ടു.






# റുപേ ഡെബിറ്റ് കാർഡ് പുറത്തിറക്കി

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും ഇന്ത്യൻ ഓയിലും ചേർന്ന് റുപേ കോ–ബ്രാൻഡഡ് കോ ാക്ട് ലെസ്സ് ഡെബിറ്റ് കാർഡ് അവതരിപ്പിച്ചു. സവിശേഷതകൾ:–

- ഇന്ത്യൻ ഓയിൽ ഇന്ധന സ്റ്റേഷനുകളിൽ ചിലവഴിക്കുന്ന ഓരോ 200 രൂപയ്ക്കും ആറിരട്ടി റിവാർഡ് പോയിന്റുകൾ
- ഇന്ധനം വാങ്ങുമ്പോൾ 0.75% വില മതിക്കുന്ന ലോയൽറ്റി പോയിന്റുകൾ
- ഒരു ഇടപാടിൽ 5000 രൂപ വരെ കോ ാക്റ്റ്ലെസ്സ് പണമടയ്ക്കൽ
- ഡൈനിംഗ്, മാസ പരിധിയില്ലാതെ ഇന്ധനം വാങ്ങാനുള്ള സൗകര്യം
- ഇന്ത്യയിൽ എവിടെയും ഉപയോഗിക്കാനുള്ള സൗകര്യം

## അഭിനന്ദനങ്ങൾ!!




എം.എസ്.എം.ഇ. സെക്ടറിൽ കേരളത്തിലേറ്റവും മികച്ച പ്രകടനം കാഴ്ച്ച വച്ച ബാങ്കിനുള്ള അവാർഡ് വിദ്യുത്ചക്തി വകുപ്പ് മന്ത്രി ശ്രീ.എം.എം.മണിയിൽ നിന്ന് ഏറ്റുവാങ്ങുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കേരളാ സർക്കിൾ ചീഫ് ജനറൽ മാനേജർ ശ്രീ.മൃഗേന്ദ്ര ലാൽ ദാസ്സ്.




## വിനിമയത്തിലുള്ള കറൻസിയുടെ മൂല്യത്തിൽ വൻ വദ്ധനയെന്ന് ആർ.ബി.ഐ.

റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 2020 ജനുവരി ഒന്നിനും 2021 ജനുവരി ഒന്നിനുമിടയിൽ വിനിമയത്തിലുള്ള കറൻസിയുടെ മൂല്യത്തിൽ 5,01,405 കോടി രൂപയുടെ അഭൂതപൂർവമായ വർദ്ധനയാണ് ഉണ്ടായത്. നോട്ട് അസാധുവാക്കലിന് ശേഷം ഒരു വർഷമു ാവുന്ന ഏറ്റവും വലിയ വർദ്ധനയാണിത്. സാധാരണയായി ജി.ഡി.പി. വളർച്ച ഉയരുമ്പോഴാണ് വിനിമയത്തിലുള്ള നോട്ടുകളുടെ എണ്ണത്തിൽ വലിയവർദ്ധനയുണ്ടാവുന്നത്. എന്നാൽ ഇത്തവണ ജി.ഡി. പി. 7.7% വരെ ഇടിയുമെന്നാണ് കണക്കാക്കുന്നത്.



റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ്

# വായ്പ്പാ ആപ്പുകളെ നിയന്ത്രിക്കാൻ ആർ.ബി.ഐ.നീക്കം

**വായ്പ്പാ ആപ്പുകൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വിവരങ്ങളുടെ സുരക്ഷ, സ്വകാര്യത, രഹസ്യാത്മകത, ഉപഭോത്കൃത സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനായി നിയമപരമായ ചട്ടങ്ങളും മാനദണ്ഡങ്ങളും തയാറാക്കുന്നതിന് റിസർവ് ബാങ്ക് ആറംഗ സമിതിക്ക് രൂപം നല്കി.** ആർ.ബി.ഐ. **എക്സിക്യൂട്ടിവ് ഡയറക്ടർ ജയന്ത് കുമാർ ഡാഷ് ആണ് സമിതി ചെയർമാൻ. സാങ്കേതിക വശങ്ങളും സുരക്ഷയും തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുന്നതിന് പുറത്തുനിന്ന് 2 അംഗങ്ങളുള്ളതിൽ ഒരാൾ ബെംഗളൂരു കേന്ദ്രമായി പ്രവർത്തിക്കുന്ന ഡിജിറ്റൽ സുരക്ഷാ സ്റ്റാർട്ടപ്പ് ആയ ക്ലൗഡ്സെക് സ്ഥാപകൻ മലയാളിയായ ശ്രീ.രാഹുൽ ശശിയാണ്.**

CloudSEK XVigil




**Terms of Reference**

The Terms of Reference (ToR) for the WG would be as follows:

- Evaluate digital lending activities and assess the penetration and standards of outsourced digital lending activities in RBI regulated entities;
- Identify risks posed by unregulated digital lending to financial stability, regulated entities and consumers;
- Suggest regulatory changes, if any, to promote orderly growth of digital lending;
- Recommend measures, if any, for expansion of specific regulatory or statutory perimeter and suggest the role of various regulatory and government agencies;
- Recommend a robust Fair Practices Code for digital lending players, insourced or outsourced;
- Suggest measures for enhanced Consumer Protection; and
- Recommend measures for robust data governance, data privacy and data security standards for deployment of digital lending services.

## ഡോക്ടർമാരും എൻജിനീയർമാരും ഐ.എ.എസ്. കാർ ആകണമോ?

**പി.പി.ഫിലിപ്പ്**

കുറേ നാൾ മുമ്പ്,  ഒരു ചെറുകിട ഹോട്ടലിൽ ഊണു കഴിച്ചു കൊണ്ടിരിക്കുമ്പോൾ, പഴയ കാലം പോലെ, ഭിത്തിയിലിരുന്നു റേഡിയോ ശബ്ദിച്ചു കൊണ്ടിരുന്നു.

ഒരു തിരുവനന്തപുരംകാരി ..പി.ജി ലേഡിഡോക്ടർ , സിവിൽ സർവീസിൽ കയറിയതിനെപ്പറ്റി ഒരഭിമുഖത്തിൽ സംസാരിക്കുന്നതാണ് ആ സമയം കേട്ടത്.

എല്ലാം ശ്രദ്ധിച്ചു കേട്ടു കഴിഞ്ഞു മനസിലുദിച്ച ചോദ്യമാണ് ഈ ഡോക്ടർമാരും എൻജനീയർമാരും പിന്നെ അത്തരം പ്രൊഫഷണൽ വിദ്യാഭ്യാസം സിദ്ധിച്ചവരും ഐ.എ.എസ്. കാരായി മാറേണ്ട ആവശ്യമുണ്ടോ എന്നത് '

സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം നേരെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിലേക്കു പോകുന്ന ഈ വിദ്യാർത്ഥികൾ പൊതു വിദ്യാഭ്യാസ ധാരയിൽ നിന്നും മാറുന്നതു കൊണ്ട് , പൊതുക്കാര്യങ്ങളിൽ ഇവർക്ക് അറിവും അനുഭവവും തുലോം കുറവാണ്. കപ്പ നടാൻ ഉപയോഗിക്കുന്ന വിത്തെന്താണെന്നോ, മഞ്ഞളും ഇഞ്ചിയും തമ്മിലുള്ള വ്യത്യാസമെന്തെന്നോ ഈ പ്രൊഫഷണലുകളിൽ ചിലർക്കെങ്കിലും അറിഞ്ഞു കൂടാ. കാരണം, മെഡിക്കൽ എൻജിനീയറിങ്ങ് വിദ്യാഭ്യാസം ഏറെയും അവരുടെ വിഷയങ്ങളിൽ ഒതുങ്ങി നിൽക്കുകയാണിപ്പോഴും . ഐ. എ. എസിലെ യുവ തലമുറയിൽ ഈ കുറവുകൾ ഇന്നു വളരെ വ്യക്തമല്ലേ? അനുഭവമാണ് ഏറ്റവും നല്ല പരിശീലനം.

ഇങ്ങനെയുള്ളവർ ഈ വിദ്യാഭ്യാസത്തിനൊടുവിൽ ഒരു മത്സര പരീക്ഷക്കു കോച്ചിങ്ങിലൂടെ ഒരുങ്ങി പ്രശസ്ത വിജയം നേടിയെന്നോർത്തു പ്രവർത്തന

മികവിൽ പുറകോട്ടായിരിക്കും. അവരുടെ മറ്റു മേഖലകളിലെ അറിവും അനുഭവവും കുറവാണ്. സാഹിത്യവും ഹുമാനിറ്റീസും ചരിത്രവും രാഷ്ട്രീയവും ഒക്കെ പൊതു വിദ്യാഭ്യാസ ധാരയിൽ പഠിക്കുന്നവർക്ക് ഇവരെക്കാൾ പ്രായോഗിക വിജ്ഞാനവും അറിവും കൂടിയിരിക്കും.

മാത്രമല്ല വളരെയേറെ അധ്വാനിച്ച് വൈദ്യവും എൻജനീയറിങ്ങും ദീർഘകാലം പഠിച്ചവർ അവരുടെ വിദ്യാഭ്യാസ മേഖലയെ ഉപേക്ഷിച് രാജ്യഭരണ രംഗത്തേക്ക് പോകേണ്ട ആവശ്യമെന്ത്? വിദ്യാഭ്യാസത്തെ പാഴാക്കുന്നതെന്തിന്? ഡോക്ടർമാരും എൻജനീയർമാരും നല്ല മറ്റു പ്രൊഫഷണൽസും ആ വിദ്യാഭ്യാസം പൂർണമാക്കി യിട്ടു പിന്നെ ഐ.എ. എസ് കാരാൻ നടക്കേണ്ടതില്ല. ഇത് ഇക്കാലത്ത് ചിന്തിക്കേണ്ട ഒരു വിഷയമാണോ?
പ്രതികരണങ്ങൾ സ്വാഗതം ചെയ്യുന്നു.

## കവിത

# വിടരൂ സോമലതേ

### ടോമി ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്



ജനുവരി രാവിൽ എൻ മലർ വനിയിൽ
വിടരൂ സോമലതേ
പുൽകി പടരൂ പ്രേമലതേ
(ജനുവരി..) (2)

നവരാത്രി ലില്ലികൾ
മുഖം പൊത്തി നിൽക്കുന്ന
ലാവണ്യ നവരംഗനടയിൽ
ഏകദീപികയെന്ന പോൽ തെളിയൂ
എനിക്കായ് പ്രഭ ചൊരിയൂ
ഒരു നിശ്ശബ്ദ സ്മരണയായെന്നും
ഓമനിക്കാൻ എനിക്കോമനിക്കാൻ
(ജനുവരി..)

മദനവികാരങ്ങൾ
മദം പൊട്ടിയുണരുമെൻ മനസ്സിലെ
മലർമെത്ത വിരിയിൻ
രാഗമാലിക തെന്നലായൊഴുകൂ
രാവിന്റെ താളമാകൂ
ഒരു വസന്ത സ്മരണയായെന്നും
ഓമനിക്കാൻ എനിക്കോമനിക്കാൻ
(ജനുവരി..)

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ 2021 ജനുവരി മാസത്തിലെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ നിയന്ത്രണങ്ങൾ മൂലം ജനുവരി മാസം 8–ാം തീയതി വെള്ളിയാഴ്ച ഓൺലൈനില്ക്കൂടി നടത്തി. 10 അംഗങ്ങൾ പങ്കെടുത്തു. അത്യാവശ്യ തീരുമാനങ്ങളും ജി.ഡി.സി. എസ്. നറുക്കെടുപ്പും നടത്തി.

- സംഘത്തിന്റെ വാർഷിക പൊതുയോഗത്തിന്റെ മുന്നോടിയായി ഓഡിറ്റ് ചെയ്ത കണക്കുകളും റിപ്പോർട്ടും അടുത്ത ഭരണ സമിതി യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കവാൻ യോഗം തീരുമാനമെടുത്തു.
- 2021 മാർച്ച് മാസം 23–ാം തീയതി പൊതുയോഗം നടത്തുന്നതിനും തീരമാനിച്ചു.

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2021 ജനുവരി മാസത്തിലെ നറുക്കെടുപ്പ് ജനുവരി 8–ാം തീയതി വെള്ളിയാഴ്ച 11.30ന് ഓൺലൈനിൽ നടത്തി. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. 25000 രൂപായുടെ കുറി – വട്ടമെത്തി
2. 25,000 രൂപായുടെ കുറി – വട്ടമെത്തി
3. 50,000 രൂപായുടെ കുറി - വട്ടമെത്തി
4. 100,000 രൂപായുടെ കുറി –(79) ശ്രീമതി. മോളിൻ എസ്.തോമസ്
5. 100,000 രൂപായുടെ കുറി – (119) ശ്രീമതി. എൽസി ടോമി
6. 100,000 രൂപായുടെ കുറി – (146 ശ്രീ. വി.എം. തോമസ്
7. 100,000 രൂപായുടെ കുറി ( 171 ) ശ്രീമതി. മായ.കെ.എൽ.
8. 100,000 രൂപായുടെ കുറി ( 192) ശ്രീമതി. രാധാമണി ഭായ്

നറുക്കെടുപ്പിൽ വിജയിച്ചവർക്ക് 2021 ഫെബ്രുവരി മാസം 12–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു.

### ക്ലെയിം ചെയ്യുന്നതിന്

ക്ലെയിംചെയ്യുന്നതിനുള്ള അപേക്ഷാഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക. 94463 22416

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

കൊറോണാ വൈറസ് വ്യാപനം അധികരിച്ചു വരുന്ന സാഹചര്യത്തിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരുവാൻ കഴിഞ്ഞിട്ടില്ല. ഓഫീസ് മുഴുവൻ സമയവും പ്രവർത്തിക്കുവാനും സാധിക്കാത്ത സാഹചര്യത്തിൽ ഈ മാസത്തിൽ പുതിയ "എ" ക്ലാസ്സ് അംഗത്വത്തിനുള്ള താഴെ കൊടുത്തിട്ടുള്ള ഒരപേക്ഷ മാത്രമേ ലഭിച്ചുള്ളു. ആയത് പരിഗണിച്ചതിൽ "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി. പുതിയ അംഗം

ശ്രീ. കെ.സി.ജോസഫ്, കോലടിയിൽ, കട്ടച്ചിറ.പി.ഒ.

### . സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന 3 പേർക്ക് "സി" ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. ശ്രീ. ഇമ്മാനുവേൽ.വി.എ. വട്ടക്കാട്ട്, കാപ്പാട്
2. ശ്രീമതി.സൂസമ്മ ജോർജ്ജ്, കാഞ്ഞിരത്തിനാൽ,
3. ശ്രീമതി.ഷീജ.പി. പായിക്കാട്ട് വടക്കേമം
4. .ശ്രീമതി.ഏലിക്കുട്ടി ജോസഫ്, കുംബളംചിറ
5. അരുൺ കുര്യൻ, കാലായിൽ

## നവാഗതർക്ക് സ്വാഗതം!

### ഒൻപതാമത്തെ 25,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

25000 രൂപയുടെ കുറികൾ വട്ടമെത്തുന്ന സാഹചര്യത്തിൽ ചെറിയ സംഖ്യയുടെ ജി.ഡി.സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 25,000 രൂപ സലയുള്ള ഒരു ജി.ഡി.സി.എസ്.കുറി ഉടൻ ആരംഭിക്കുകയാണ്. വട്ടമെത്തുന്ന കുറിയിൽ അംഗങ്ങളായിരുന്നവർക്ക് തുടർന്ന് പോകുവാൻ അവസരം. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ **9446322416** ബന്ധപ്പെടുക.



**ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**

# എസ്.ബി.ഐ. മെഡിക്കൽ ഇൻഷുറൻസ് സ്കീമുകൾ

# എസ്.ബി.ഐ.ഹെൽത്ത് അസിസ്റ്റ്

(.......കഴിഞ്ഞ ലക്കത്തിൽ നിന്നും തുടരുന്നു .....,.)



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ

**Circular P&HRD SL NO 1385/2019-20 Dated 27/12/2019**

### എല്ലാ വർഷവും പ്രീമിയം അടയ്ക്കുന്ന പ്ലാൻ

**സവിശേഷതകൾ**

* മുന്ന് വർഷത്തേയ്ക്ക് ഒരെ ഇൻഷുറൻസ് കമ്പനി -- എസ്.ബി.ഐ. ജനറൽ ഇൻഷുറൻസ് കമ്പനി Ltd . ഒരേ TPA ഒരേ ബ്രോക്കർ
* MEMBERSHIP എല്ലാവർഷവും പുതുക്കണം ജനുവരി 16 ന് മുൻപ്
* അടുത്ത 3 വർഷത്തേയ്ക്ക് ഓരേ പ്രീമിയം
*അടിസ്ഥാന പ്ലാനോടുകൂടി 6 ലക്ഷത്തിന്റെ സൂപ്പർ ടോപ് അപ്പ് അതിന്റെ പ്രീമിയം 7721/- രൂപ ബാങ്ക് വഹിയ്ക്കുന്നു.
*ഹോസ്പിറ്റൽ കിടന്ന് ചികിത്സയ്ക്ക് മാത്രം

ചോദ്യം:: ആശുപത്രിയിൽ കിടന്ന് ചികിത്സ തേടിയതിന് മുൻപും അതിന് ശേഷം ഉള്ള ചികിത്സ ചിലവുകൾ മെഡിക്കൽ ഇൻഷുറൻസ് സ്കീമിൽ പെടുമോ ?

മറുപടി : ആശുപത്രിയിൽ കിടന്ന് ചികിത്സയ്ക്കുന്നതിന് 30 ദിവസം മുൻപ് വരെയുള്ളതും ഡിസ്ചാർജ് ആയതിനുശേഷം 90 ദിവസമോ ചികിത്സാ തീരുന്ന ദിവസമോ ഏതാണോ ആദ്യം അതുവരെയുള്ള ചികിത്സ ചിലവുകുൾക്കു തിരികെ പണം ലഭിക്കും
ചോദ്യം: മുഴുവൻ ചിലവകളും വകവെയ്ക്കുമോ ?
മറുപടി : താഴെ പറുയുന്ന വ്യവസ്ഥകൾക്ക് വിധേയമായി -
1) ചെലവായ തുകയോ ഇൻഷുർ ചെയ്ത തുകയുടെ 10% ഏതാണ് കുറവ്
2) പരിധി നിശ്ചയിച്ചിട്ടുള്ള 8 അസുഖങ്ങൾക്ക് പരമാവധി പരിധി വരെ മാത്രം
ചോദ്യം : ഏത് ക്ലെയിം ഫോം ആണ് ഉപയോഗിയ്ക്കേണ്ടത്?
മറുപടി : പാർട്ട് A ഫോം

- ഡോമിസൈലിയറി യ്ക്ക് E ഫർമസി

12000രൂപയുടെ സൗജന്യം ബാങ്ക് തരുന്നു
ആദ്യം 6000 രൂപ മെമ്പർ മുടക്കണം

* എഴുപത് വയസ്സ് തികഞ്ഞവർക്കു അടിസ്ഥാന പ്രീമിയത്തിന്റെ (GST ഇല്ലാതെ )50% സബ്സിഡി 8721/- രൂപ

*അഞ്ചു ലക്ഷത്തിന്റെ ക്രിറ്റിക്കൽ illness കവർ

- ഇതിൽ ചേരാൻ അർഹതയുള്ളവർ ?

1) പുതിയ റിട്ടയറിസ് , റിട്ടയർമെന്റ് തീയതി മുതൽ 90 ദിവസത്തിനകം ചേരണം , പ്രീമിയും ബാക്കി യുള്ള കാലാവധിയ്ക്ക് അനുപാതികമായിട്ടു മതി .

2) സർവീസിൽ ഇരിക്കുമ്പോൾ മരിച്ചു പോയവരുടെ സ്പൗസ് മരിച്ച തീയതി മുതൽ 120 ദിവസത്തിനകം ചേരണം . അവർക്കും പ്രീമിയം പുതുക്കുന്ന തീയതി വരെ ബാക്കി നിൽക്കുന്ന ദിവസം കണക്കാക്കി മതി

3) നിലവിൽ മെമ്പർഷിപ് ഉള്ളവർ എല്ലാവർഷവും ജനുവരി 16 ന് മുൻപ് പുതുക്കേണ്ടതാണ്

4) എസ്.ബി.ഐ.ഹെൽത്ത് കെയറിൽ അംഗങ്ങൾ ആയിട്ടുള്ളവർക്ക് എപ്പോൾ വേണമെങ്കിലും ചേരാം . പക്ഷേ മുഴുവൻ പ്രീമിയം അടയ്ക്കണം . ഇതിൽ ചേർന്ന തീയതി മുതൽ 30 ദിവസത്തെ കാത്തിരുപ്പിന് ശേഷം മാത്രമേ പ്രാബല്യത്തിൽ വരുകയുള്ളു. ഈ കാലയളവിൽ ചികിത്സ നടന്നു കൊണ്ടിരിയ്ക്കുന്ന രോഗങ്ങൾക്ക് പരിരക്ഷ കിട്ടത്തില്ല .

എത്ര പ്ലാനുകൾ ?

രണ്ട് അടിസ്ഥാന പ്ലാനുകൾ
1) 3 ലക്ഷം > പ്രീമിയം >19520.00:-(GST 18% ഉൾപ്പെടെ )അതിന്റെ കൂടെ 6 ലക്ഷം ടോപ് അപ്പ് മൊത്തം ഇൻഷുർ തുക 9 ലക്ഷം
2)5 ലക്ഷം >പ്രീമിയും >43390.00(GST ഉൾപ്പെടെ ) അതിന്റെ കൂടെ 6 ലക്ഷത്തിന്റെ ടോപ് അപ്പ് അങ്ങനെ മൊത്തം 11 ലക്ഷത്തിന്റെ ഇൻഷുറൻസ് തുക
ചികിത്സ ചിലവുകൾ മുഴുവനും ഇതിൽ cover ചെയ്യുമോ ?

ഇല്ല എട്ട് അസുഖങ്ങൾക്ക് ചികിത്സ ചെലവിന് പരിധി നിശ്ചയിച്ചിട്ടുണ്ട് .അത് പോലെ മുറി /ICU/ICCU വാടകയ്ക്കും നിയന്ത്രണംമുണ്ട്

| അസുഖം | അടിസ്ഥാന പ്ലാൻ (ലക്ഷം രൂപ) | |
|---|---|---|
| | 3 | 5 |
| Angioplasty | 2.00 | 2.25 |
| Coronary artery Bypass graft | 3.00. | 3.25 |
| Cataract | 0.45 | 0.50 |
| Cholecystectomy. (Gall bladder) | 1.00 | 1.25 |
| Hernia | 1.00. | 1.25 |
| Knee replacement Unilateral. | 2.00. | 2.25 |
| Bilateral | 3.25 | 3.50 |
| മുറി വാടക | 5000 രൂപ | 9500 രൂപ |
| ICU/ICCU | 7500 രൂപ | 12000 രൂപ |

ക്രിറ്റിക്കൽ illness കവർ 5 ലക്ഷം
> പതിനാല് അസുഖങ്ങളെ അതിൽ പെടുത്തിയിട്ടുണ്ട്
> 65 വയസ്സ് തികയാത്തവർക്കായി മാത്രം
> നേരത്തെ ചേർന്നവർക്ക് പുതുക്കുന്നതിന് വയസ്സ് ബാധകമല്ല
> ഇത് ഒറ്റയ്ക്ക് എടുക്കാൻ സാധിയ്ക്കുകയില്ല അടിസ്ഥാന പോളിസി യോട് ഒപ്പം ആയിരിക്കണം
> പ്രീമിയും 16253/-GST ഉൾപ്പെടെ
> ചേരുന്ന സമയത്തുള്ള അസുഖങ്ങൾ ക്ക് കവർ ഇല്ല
> ചേർന്ന ശേഷം 90 ദിവസം കാത്തിരിപ്പു
> കാത്തിരുപ്പു കാലാവധി കഴിഞ്ഞു കണ്ടുപിടിയ്ക്കുന്ന അസുഖങ്ങളാൽ 30 ദിവസം എങ്കിലും ജീവിച്ചിരിയ്ക്കണം . പുതിക്കിയവർക്കും നിലവിൽ മെമ്പർ ആയിരിയ്ക്കു ന്നവർക്കും ഇത് ബാധകമല്ല
> ഒരു പ്രാവശ്യം എടുത്താൽ പിന്നെ സംരക്ഷണം ഇല്ല .
> പ്രൈമറി മെമ്പർക്ക് മാത്രം കവർ
ഇതിൽ ചേരാനുള്ള നടപടി ക്രമം എന്തൊക്കെ ?
1) നിശ്ചിത അപേക്ഷ ഫോം പൂരിപ്പിച്ചു (Annexure 1) ജോയിന്റ് ഫോട്ടോ ഒട്ടിച്ചു മെമ്പറും സ്പൗസും ഒപ്പിട്ട് പെൻഷൻ തരുന്ന ബ്രാഞ്ചിൽ കൊടുക്കുക .
ഇഷ്ടമുള്ള പ്ലാൻ തെരുഞ്ഞെടുക്കുക അതിനുള്ള പ്രീമിയം തുക രേഖ പെടുത്തണം .
ബാങ്ക് ഉദ്യോഗസ്ഥർ പ്രീമിയും പെൻഷൻ അക്കൗണ്ടിൽ നിന്ന് പിടിച്ചു അതാത് AO ഓഫീസിന്റെ കറന്റ് അക്കൗണ്ടിലേക്കു മാറ്റിയശേഷം ഒരു acknowledgement തരും . അവർ അപേക്ഷ അതാത് AO യിലെ ചീഫ് മാനേജർ (HR )ന് അയച്ചുകൊടുക്കും .

ഏകദേശം ഒരു മാസം കഴിയുമ്പോൾ മെഡിക്കൽ ഇൻഷുറൻസ് ഐഡി കാർഡ് പോസ്റ്റ് വഴി കിട്ടും കൂടാതെ ഈ കാർഡ് വാട്ട്സാപ്പ് വഴിയോ വിഡാലിന്റെ പോർട്ടൽ വഴിയോ എടുക്കാം. അതിന്റെ വിവരങ്ങൾ നേരത്തെ പോസ്റ്റ് ചെയ്തതാണ്

# വിവാഹിതരായി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗങ്ങളായ ശ്രീ. പ്രഭാകരൻ വി.കെ.യുടെയും ശ്രീമതി.കെ.ആർ. ദേവയാനിയുടേ യും മകൾ പ്രസീതയുടെ വിവാഹം 16/01/2021, ശനിയാഴ്ച 11.30 നും 12-നും മദ്ധ്യേയുള്ള ശുഭമുഹൂർത്തത്തിൽ കടപ്പാട്ടൂർ ശ്രീ മഹാദേവ ക്ഷേത്ര സന്ധിധിയിൽ വച്ച് നടത്തിയ വിവരം അറിയിച്ചു കൊള്ളുന്നു.

തിരുവനന്തപുരം, കരുമം, ഐശ്വര്യ വില്ലയിൽ
പരേതനായ എസ്. രതീശന്റെയും
ശ്രീമതി ജയശ്രീ രതീശന്റെയും മകൻ
**വിനോദ്**
ആണ് വരൻ.

ഭാസുരസുന്ദരമായ ദാമ്പത്യജീവിതം ഇരുവർക്കും ആശംസിക്കുന്നു.



പ്രസീതയും വിനോദും ശ്രീ. പ്രഭാകരൻ വി.കെ. യുടെയും ശ്രീമതി.കെ.ആർ. ദേവയാനിയുടേയും മറ്റ് കുടുംബാംഗങ്ങളുടേയുമൊപ്പം











കവിത

# താളപ്പിഴകൾ

ജോസ് അഴകത്ത്



ഭൂമിക്കുണ്ടൊരു സംഗീതം
ശ്രുതിലയതാളമാർന്ന സംഗീതം
ഈണത്തിലത് മീട്ടുമ്പോൾ
ചെറുമഴയായ് പെയ്യുന്നു.
രാഗത്തിൻ ചേർച്ചയിൽ കാറ്റായി മൂളുന്നു
നറുനിലാവായ് പടരുന്നു
സാന്ത്വന രശ്മികൾ തൂകിടുന്നു
പ്രപഞ്ച താളം ഇടിയായ് മുഴങ്ങുന്നു
ജീവജാലങ്ങൾ പുളകമണിയുന്നു.

കാലം മാറി, ഗതി മാറി.....
താളപ്പിഴകൾ പകർന്നാടി
ഭൂമിദേവി ഉഗ്രരൂപിണിയായി
ചെറുമഴകൾ പേമാരിയായി
ഇളം തെന്നൽ സുനാമിയായി
ശ്രുതിതാളം താണ്ഡവമായി
മാനവർക്കതൊരുൾക്കിടിലമായി
ഭൂമിതൻ സംഗീതം താളം തെറ്റി
അവനിയിലാകെ അപശ്രുതികളുയർന്നു
ഇത് മുറിവേറ്റൊരമ്മതൻ രോദനമോ?
ക്ഷതമേകിയവർക്കുള്ള ശാസനയോ?
എല്ലാം സഹിക്കുന്നൊരമ്മതൻ സ്നേഹം
പൊറുക്കട്ടെ മർത്യർതൻ ക്രൂരതകൾ

# നർമ്മ വീഥി




# കൗതുക വാർത്തകൾ

കോടികൾ വിലമതിക്കുന്ന K.S.R.T.C യുടെ "ഇല"ട്രിക് ബസ് ഒരുവിധം പച്ച പിടിച്ചു വരുന്നു. ഏറണാകുളം ഡിപ്പോയിൽ നിന്നുള്ള ദ്രൃശ്യം






Teak A Break പ്രകാരമുള്ള ആധുനിക എയർപോർട്ട് മോഡൽ ടോയ്‌ലറ്റ്. ഓരോ പഞ്ചായത്തിലും.. ടോയ്‌ലറ്റ് + കാഫ്റ്റിരിയ + പാർക്ക്




# 2021 ജനുവരിയിൽ വിരമിക്കുന്നവർ

## കോട്ടയം

1) ശ്രീ ഹരിദാസൻ കെ എം കടുത്തുരുത്തി Mob 9495875925

2) ജ്യോതി കുമാരി എൻ കെ കൈപ്പുഴ mob 8943389071

3) ലത എം എൻ അമ്മഞ്ചേരി Mob 7560803598

47 ഭാഗമായിരുന്ന വലിയ ഒരു ബാങ്കിംങ് പ്രസ്ഥാനത്തോട് നല്ല ഓർമകളുമായി വിട പറയുന്നു എല്ലാവർക്കും ബാങ്ക് ഔചാരികമായി യാത്രയയപ്പ് തന്നിട്ടുണ്ടാവും .അതിന് സാക്ഷികളാകണമെന്നു നിങ്ങളുടെ സീനിയർസ് ആയ ഞങ്ങൾക്ക് എല്ലാവർക്കും ആഗ്രഹമുണ്ടായിരുന്നു പക്ഷേ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അതിന് സാധിച്ചില്ല .ഇനിയുള്ള നിങ്ങളുടെ രണ്ടാം ഇന്നിംഗ്സിൽ നിങ്ങൾക്ക് ഒരു തണലായി നമ്മുടെ പെൻഷനേഴ്സ് അസ്സോസിയേഷൻ നിങ്ങളുട കൂടെയുണ്ട്. എല്ലാവരെയും ഈ സംഘടനയിലേക്ക് സ്വാഗതം ചെയ്യുന്നു.



ഒരിക്കൽ കുടി എല്ലാവർക്കും ആശംസകൾ നേരുന്നു.

## യാത്രയയപ്പ്

### ശ്രീമതി. വൽസല ജോസഫ്

യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു. ശ്രീമതി. വൽസല ജോസഫിനെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്ര വുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടന യിലേയ്ക്ക് ക്ഷണിക്കുന്നു.

## വായനക്കാർ എഴുതുന്നു........




### എച് ആർ എം എസിൽ ഫോട്ടോ അപ്ലോഡ് ചെയ്യുന്ന വിധം

**'ഒയാസിസ്' ന്റെ** പുതിയ ലക്കത്തിൽ എച് ആർ എം എസിൽ ഫോട്ടോ അപ്ലോഡ് ചെയ്യുന്ന വിധം വിശദീകരിച്ചിട്ടുണ്ടല്ലോ. ഇതിൽ രണ്ടാമത്തെ രീതി ആയി കാണിച്ചിരിക്കുന്നത് ആദ്യത്തേതി **ന്റെ** തുടക്കം തന്നെയാണ്.രണ്ടാമത്തെ രീതി അടുത്ത മെസേജ് ആയി അയച്ചിരുന്നു.

**ഏറ്റവും പുതിയ ഫോട്ടോയുടെ കോപ്പിയുമായി മുൻകൂട്ടി ഉറപ്പിച്ച സമയത്ത് ശാഖയിൽ പോയി സ്റ്റാഫിൻറെ സഹായത്തോടെ അപ് ലോഡ് ചെയ്ത് മാനേജരെക്കൊണ്ട് അപ്റൂവ് ചെയ്യിക്കുകയാണ് രണ്ടാമത്തെ മാർഗം.**

**അടുത്ത ലക്കത്തിൽ ഇതുകൂടി ഉൾപ്പെടുത്താൻ താൽപര്യപ്പെടുന്നു.**

ബി സി ഉണ്ണിക്കൃഷ്ണൻ നായർ



എ.ജയകുമാർ, ജനറൽ സെക്രട്ടറി
തിരുവനന്തപുരം

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന വിവിധ തരം പെൻഷനുകൾ

1. വാർദ്ധക്യ കാല പെൻഷൻ
2. വിധവാ പെൻഷൻ
3. വികലാംഗ പെൻഷൻ
4. കർഷകത്തൊഴിലാളി പെൻഷൻ
5. അവിവാഹിത പെൻഷൻ

അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താം.

പെൻഷൻ കിട്ടാനുള്ള നടപടിക്രമങ്ങൾ

* അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷിക്കുക
* ആവശ്യമായ രേഖകൾ പഞ്ചായത്ത് ഓഫീസിൽ സമർപിക്കുക
* അന്വേഷണ റിപ്പോർട്ട്
* ക്ഷേമകാര്യ സ്റ്റാർ സിംഗ് കമ്മിറ്റിയിൽ പാസാക്കൽ
* സെക്രട്ടറിയുടെ അംഗീകാരം

എല്ലാവിധ പെൻഷനുകൾക്കും സമർപ്പിക്കേണ്ട പൊതു രേഖകൾ
* ആധാർ കാ ർഡ്
* റേഷൻ കാർഡ്
* തിരിച്ചറിയൽ കാർഡ്
* കരമടച്ച രസീതുകൾ
( എന്നിവയുടെ കോപ്പികൾ )
+
പാസ്പോർട്ട് സൈസ് ഫോട്ടോ

## 1. വാർദ്ധക്യകാല പെൻഷൻ

* തുക: Rs 1400
* 75 വയസ്സിന് മുകളിൽ: Rs 1500
* 60 വയസ്സ് പൂർത്തിയാകണം
* കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്
* 2 ഏക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്
* മറ്റ് പെൻഷനുകൾ കൈപ്പറ്റരുത്

സമർപ്പിക്കേണ്ട രേഖകൾ:
പൊതുരേഖകൾ + 60 വയസ്സ് പൂർത്തിയായതിന് തെളിവ്

## 2. വിധവാ പെൻഷൻ

* തുക: Rs .1400
* വിധവയായ സ്ത്രീകൾ
* 7 വർഷത്തിലധികമായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ
* 50 വയസ്സ് പൂർത്തിയായ സ്ത്രീകൾ
* അഗതിമന്ദിരത്തിലെ അന്തേവാസിയാകരുത്

സമർപ്പിക്കേണ്ട രേഖകൾ

പൊതുരേഖകൾ + ഭർത്താവിൻ്റെ മരണ സർട്ടിഫിക്കറ്റ്

## 3. വികലാംഗ പെൻഷനുകൾ

* തുക: Rs.1400
* അംഗവൈകല്യം, ശാരീരിക മാനസിക വെല്ലുവിളികൾ
* 40 ശതമാനത്തിൽ കുറയാത്ത വികലാംഗത്വം ഉണ്ടായിരിക്കണം

സമർപ്പിക്കേണ്ട രേഖകൾ:

പൊതുരേഖകൾ + 40 ശതമാനത്തിൽ കുറയാത്ത വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
( സാമൂഹ്യ സുരക്ഷാ മിഷൻ നൽകുന്ന തിരിച്ചറിയൽ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ അതാണ് വേണ്ടത് )

## 4. കാർഷിക തൊഴിലാളി പെൻഷൻ:

* തുക: Rs 1400
* 60 വയസ്സ് പൂർത്തിയായിരിക്കണം
* കർഷക തൊഴിലാളി ക്ഷേമനിധി അംഗത്വം

സമർപ്പിക്കേണ്ട രേഖകൾ:

പൊതുരേഖകൾ + ക്ഷേമനിധി വിടുതൽ സർട്ടിഫിക്കറ്റ് + കർഷകൻ്റെ സാക്ഷ്യപത്രം

## 5. അവിവാഹിത പെൻഷൻ

* തുക: ഞഛ.1400
* 50 വയസ്സ് പൂർത്തിയായ അവിവാഹിത

സമർപ്പിക്കേണ്ട രേഖകൾ:

പൊതുരേഖകൾ + 2 വർഷത്തിലൊരിക്കൽ മാത്രം ലൈഫ് സർട്ടിഫിക്കറ്റ

# E-PHARMACY
# UR WORLD - APPOLO

ആപ്പ് പ്രവർത്തനക്ഷമമാകാൻ അല്പം കാലതാമസം ഉണ്ടാകുമെന്നും പരമാവധി ജനുവരി 27 വരെ കാത്തിരിക്കേണ്ടിവരും എന്ന് ആനന്ദ് രാതി അറിയിച്ചിട്ടുണ്ട് .ബാങ്കിൽ നിന്നും ഡാറ്റാ കൈമാറ്റം നടക്കുന്നതേയുള്ളു ,കൂടാതെ പ്രോഗ്രാമിൽ മുഴുവൻ

വർഷത്തെ മുടക്കേണ്ട തുകയും 6000/-രൂപയും അത് കഴിഞ്ഞുള്ള ബാങ്കിന്റെ 12000/- രൂപയും അപ്പ് ഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്നു .

പലരും ചോദിക്കുന്ന ഒരു ചോദ്യം ആണ് ആപ്പ് പുതിയതായി വീണ്ടും ഡൌൺലോഡ് ചെയ്യേണ്ടതുണ്ടോ ?

error വരാൻ സാധ്യതയുണ്ട് അതിന് പരിഹാരം :

ഒന്ന് : ആപ്പ് update ചെയ്യാൻ ആവശ്യപ്പെടാം അതിന്റെ ലിങ്ക് കാണും അല്ലെങ്കിൽ ഗൂഗിൾ സ്റ്റോറിൽ നിന്ന് എടുക്കണം
രണ്ട് : ആപ്പ് വീണ്ടും reinstall ചെയ്തു രജിസ്റ്റർ ചെയ്യുക prescription അപ്ലോഡ് ചെയ്തു ഓർഡർ കൊടുക്കുക , നേരത്തെ ചെയ്തിരുന്നത് പോലെ തന്നെ ചെയ്യുക



**ജോസഫ് പാലക്കൻ,**
**ഡി.ജി.എസ്. എറണാകുളം**

**SBI INSURANCE HEALTH ASSIST - POLICY B**

എങ്ങനെ Ecard download ചെയ്യാം? 022 48926099 നമ്പറിൽ ഒരു ാശലൈെ രമഹഹ കൊടുക്കുക
ഒരു missed call കൊടുക്കുക. ഒന്നു രണ്ടു നിമിഷങ്ങൾക്കകം WhatsApp ൽ ഒരു message വരും.95133 30000 എന്ന നമ്പറിൽ നിന്നായിരിക്കും ആ message വരുന്നത്. ഈ വന്ന നമ്പറിൽ ECARD എന്ന് type ചെയ്ത് അയക്കുക (WhatsApp message).
അടുത്ത 2 രണ്ടുമൂന്നു നിമിഷത്തിനുള്ളിൽ നിങ്ങളുടെ SBI insurance നുള്ള eCARD ലഭിക്കുന്നതാണ്. Message ൽ പറഞ്ഞിരിക്കുന്നത് പോലെ മറ്റു സേവനങ്ങളും ഇതുപോലെ ലഭിക്കും.



# എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ബെനവലന്റ് ഫ ൽ നിന്നുള്ള സഹായധനം കൈമാറി



നവംബർ മാസത്തിൽ അന്തരിച്ച വൈക്കം ഏരിയ അംഗം ശ്രീ. സി.കെ.ശശിധരന്റെ കുടുംബത്തിന് പെൻഷനേഴ്സ് അസോസിയേഷന്റെ കോട്ടയം ബെനവലന്റ് ഫ ൽ നിന്നുള്ള സഹായധനം വൈക്കം ഏരിയ കമ്മറ്റി ജോയിന്റ് കൺവീനർ ശ്രീ.ഡി.കെ.രാജഗോപാൽ ഭവനത്തിലെത്തി ശശിധരന്റെ സഹധർമ്മിണി ശ്രീമതി. മോളമ്മ ശശിധരന് കൈമാറുന്നു. ഏക മകൾ ശരണ്യ ശശിധരൻ സമീപം.

വികാരഭരിതമായ രംഗങ്ങൾക്കായിരുന്നു ഈ സന്ദർശനം സാക്ഷ്യം വഹിച്ചത്. ഉള്ളതെല്ലാം വിറ്റ്പെറുക്കിയിട്ടും ഒന്നുമാകാതെ എന്ത് ചെയ്യുമെന്ന് ചിന്തിച്ചിരുന്ന പ്രതിസന്ധി സമയത്താണ് ദൈവദൂത നേപ്പോലെ ശ്രീ.രാജഗോപാൽ മുന്നില്പ്പെട്ടതെന്ന് പറയുമ്പോൾ പൊട്ടിക്കരയുകയായിരുന്നു അവർ. പിന്നീട് നമ്മുടെ സംഘടനയിൽ അംഗത്വമെടുപ്പിച്ചു, സൊസൈറ്റിയിൽ അംഗത്വം കൊടുത്തു, വായ്പ നല്കി, ഇൻഷുറൻസ് എടുപ്പിച്ചു, ചികിത്സ മുടങ്ങാതെ നടത്തി. എല്ലാം ഈ സംഘടനയുടെ പിൻബലത്തിൽ നടന്നു. ആരോരും സഹായത്തിനില്ലാതെ വിഷമിച്ചപ്പോൾ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ നിരാലംബരായ ഞങ്ങളെ ചേർത്ത്പിടിച്ചു.മരിച്ചാലും മറക്കാനാവാത്ത അനുഭവമായി ജീവിതത്തിൽ. അവർ അനുസ്മരിച്ചു.




# ശ്രീ.രാജപ്പൻ ചെമ്പോടിലിന്റെ ജീവൻ കവർന്ന്, കോവിഡ്



ശ്രീ.രാജപ്പൻ (68)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ യൂണിറ്റ് അംഗം എടത്വ ശാഖയിൽ നിന്നും വിരമിച്ച തകഴി കുന്നുമ്മ ചെമ്പോടിൽ വീട്ടിൽ ശ്രീ.രാജപ്പൻ (68) കോവിഡ് ബാധിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ മരണപ്പെട്ട വിവരം അത്യന്തം ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. ഭാര്യ ഗീത മക്കൾ: രാഗി, രശ്മി. മരുമക്കൾ: അനീഷ്, അനൂപ്. ദുഃഖാർത്തരായ കുടുംബാംഗങ്ങളോട് എസ്.ബി.ഐ. പെൻഷനേഴ്സ്അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

**രോഗശയ്യയിലായിരിക്കവേ രാജപ്പൻ ഡി.ജി.എസ്. ശ്രീ. അടക്കമുണ്ടക്കലിനയച്ച ഹൃദയസ്പർശിയായ സന്ദേശം താഴെ കൊടുക്കുന്നു.**

സർ,

ഞാനും ഫാമിലി എഴുപേരും കോവിഡ് ബാധിച് പല സ്ഥലങ്ങളിലായി ചികിത്സയിലാണ്. അസുഖമാണ ന്നറിഞ്ഞപ്പോൾ എന്തു സഹായവും ചെയ്തുതരാനും എവിടെ പോവാനും കൂടെയുണ്ടാകുമെന്ന് വാഗ്ദാനങ്ങൾ ധാരാളം ലഭിച്ചെങ്കിലും ഒന്നും സ്വീകരിക്കാവുന്ന അവസ്ഥയിലല്ലല്ലോയെന്ന് ഓർത്ത് സങ്കടപ്പെടുവാനേ നിവർത്തിയുള്ളു. അവസാനം ആംബുലൻസിൽ ഒറ്റയ്ക്ക് കയറുമ്പോൾ കൂട്ടിനാരുമില്ലാതെ നന്നായി വിഷമിച്ചു. പോയവഴി കണ്ടവർ പരസ്പരം സഹായിച് പോകുന്നു. തള്ളുവണ്ടിയിലിരുത്തി ടോയ്ലറ്റിൽ കൊണ്ടുപോയി സ്നേഹത്തോടെ തിരിച്ചു ബെഡിൽ കിടത്തുന്നു. സത്യം. ജോലിയിൽ നിന്ന് വിരമിച്ചു എഴുവർഷം തികയുന്ന ഈയവസരത്തിൽ ഇങ്ങനെ ഒരു നല്ല അനുഭവം തന്നു ഞാൻ ആരുമല്ലന്ന് പഠിപ്പിച്ച ഈശ്വരന് നന്ദിയും സ്തുതിയും പറയുന്നതോടൊപ്പം ഞാനറിയാതെ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന എല്ലാവർക്കും നന്ദി പറഞ്ഞു കൊള്ളുന്നു ഹാപ്പി ക്രിസ്തുമസ് ആൻഡ് ഹാപ്പി ന്യൂ ഇയർ !

ആദരവോടെ, രാജപ്പൻ

## ശ്രീമതി.ആനി ജോസ്



ശ്രീമതി.ആനി ജോസ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം ശ്രീ.എ.എസ്. ജോസിന്റെ സഹധർമ്മിണി ശ്രീമതി.ആനി ജോസ് (എ.എഫ്.എം.902) നിര്യാതയായ വിവരം ഖേദപൂർവം റിപ്പോർട്ട് ചെയ്യുന്നു. വയസ്സായിരുന്നു. സഹധർമ്മിണിയുടെ വിയോഗത്തിൽ ദു:ഖിതനായ ശ്രീ.ജോസിന്റെയും ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷനും പങ്കു ചേരുന്നു.

## ശ്രീ. എ. ശശിധരൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ **യൂണിറ്റ് അംഗം (എൽ.എം. 4696)** ശ്രീ.എ ശശിധരൻ (65) നന്ദനം, പള്ളിക്കുന്ന്, കണ്ണൂർ നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. 65 വയസ്സായിരുന്നു. ദുഃഖാർത്തരായ കുടുംബാംഗങ്ങളോട് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.



ശ്രീ.എ ശശിധരൻ

### അനുശോചനം

പ്രിയ ശശിയുടെ തികച്ചും അപ്രതീക്ഷിതമായ വിയോഗ വാർത്ത കേട്ട് തരിച്ചിരുന്നു പോയി. ഓഫീസറായി പ്രോമോഷനാകും മുൻപ് കോഴിക്കോട് നാളുകളിൽ അദ്ദേഹവുമായി സുദീർഘമായ ആത്മബന്ധം എനിക്കുണ്ടായിരുന്നു. അവസാനമായികാണുന്നത് അസ്സോസിയേഷന്റെ കഴിഞ്ഞ പൊതുയോഗത്തിൽ വച്ചായിരുന്നു.അദ്ദേഹത്തിന്റെ ധർമ്മപത്നിയുടേയും കുട്ടികളു ടേയും സന്തപ്ത കുടുംബാംഗങ്ങളുടേയും ദു:ഖത്തിൽ പങ്കു ചേരുന്നതോടൊപ്പം ഈ തീരാനഷ്ടം സഹിക്കുവാനുള്ള കരുത്ത് അവർക്ക് സർവേശ്വരൻ നല്കുമാറാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കെ രാജീവൻ, പ്രസിഡന്റ്
**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ**

# ശ്രീമതി. ആഞ്ജലാ പോൾ



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീ. പി.പി.ഫ്രാൻസീസിന്റെ മാതാവ് ശ്രീമതി.ആഞ്ജലാ പോൾ അന്തരിച്ച വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ശ്രീ.ജോയി.കെ.മാത്യുവിന്റെ ഭാര്യാ മാതാവ് ശ്രീമതി. ഏലിക്കുട്ടി സെബാസ്റ്റ്യൻ ചൊവ്വാറ്റുകുന്നേൽ, നരിയങ്ങാനം നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു. 86 വയസ്സായിരുന്നു.

സംസ്കാരം 10.01.2021 ഞായറാഴ്ച്ച ഉച്ച കഴിഞ്ഞ് 2 മണിക്ക് നരിയങ്ങാനം സെന്റ് മേരി മഗ്ദലൻസ് പള്ളി സെമിത്തേരിയിൽ നടത്തി.

# നാമാസ് ചേട്ടൻ നിര്യാതനായി



എൻ. എ. മാത്യു ഞള്ളംപുഴ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അംഗം ശ്രീ.സോമൻ മാത്യുവിന്റെ പിതാവ്, നാമാസ് ചേട്ടൻ (എൻ. എ. മാത്യു ഞള്ളംപുഴ) BI മരണപ്പെട്ട വിവരം വ്യസന സമേതം അറിയിക്കുന്നു.

തീക്കോയിലെ ആദ്യകാല കോൺഗ്രസ് നേതാവും തീക്കോയി സർവീസ് സഹകരണ ബാങ്ക് മുൻ ഭരണസമിതി അംഗവും ആയിരുന്ന (നാമാസ് ചേട്ടൻ, നാമാസ് ജൂവലറി ) ഈരാറ്റുപേട്ട നാമാസ് ജൂവലറി ഉടമയും ആദ്യകാല വ്യാപാരിയുമായിരുന്നു.

.ശവസംസ്കാരം പാച്ചിറ പള്ളി സെമിത്തേരിയിൽ നടത്തി. ദുഃഖാർത്ഥരായ കുടുംബാംഗങ്ങളോട് അനുശോചനം അറിയുച്ചുകൊണ്ടു വേർപാടിന്റെ വേദനയിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ ഘടകം പങ്കുചേരുന്നു . □ആദരാഞ്ജലികൾ □

# എ.വി.വർഗീസ്




എ.വി.വർഗീസ്

എസ്.ബി.ഐ റിട്ട. ഡെപ്യൂട്ടി മാനേജർ കൈനകരി അഞ്ചിൽ റോസ് ഭവനിൽ എ.വി.വർഗീസ് നിര്യാതനായി. . കുടുംബാംഗങ്ങളോട് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു. വേർപാടിന്റെ വേദനയിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ ഘടകം പങ്കുചേരു ന്നു . പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

# കർണാടകയിൽ വാഹനാപകടം അർജ്ജുന് കണ്ണീർ പ്രണാമം!

കർണാടകയിലെ മാണ്ഡ്യ മലവള്ളിയിൽ കാറിന് പിന്നിൽ ലോറിടിച്ചു ായ വാഹനാപകടത്തിൽ മരിച്ച മലയാളികളിൽ ഒരാൾ എസ്.ബി.ഐ. റിട്ട. ജനറൽ മാനേജർ ശ്രീ.ടി.കെ. പ്രകാശിന്റെ മകൻ അർജ്ജുൻ (22).



അർജ്ജുൻ

ഏകമകൻ അർജ്ജുന്റെ അകാലത്തിൽ പൊലിഞ്ഞുപോയ വിലപ്പെട്ട ജീവൻ മാതാപിതാക്കളിൽ എത്രയധികം ദു:ഖമാണു ാക്കുന്നതെന്ന് ഓർത്ത് വേദനിക്കുന്നു.

ശ്രീ.ടി.കെ.പ്രകാശിന്റെയും കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കുചേരുന്നു. അർജ്ജുന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു

**ആദരാഞ്ജലികൾ!!**

# ശ്രീ.എ.എസ്.രാമചന്ദ്രൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം (എൽ.എം.708) ശ്രീ.എ.എസ്.രാമചന്ദ്രൻ ബാങ്ക് കോളനി റോഡ്, ആലിഞ്ചുവട്, വെണ്ണല നിര്യാതനായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു.



ശ്രീ.എ.എസ്.രാമചന്ദ്രൻ

സന്തപ്ത കുടുംബാംഗ ങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേ ഷനും പങ്കു ചേരുന്നു.

## ആർ. കൃഷ്ണ നായ്ക്ക് റിട്ട. ജനറൽ മാനേജർ (77)



ആർ. കൃഷ്ണ നായ്ക്ക്, റിട്ട. ജനറൽ മാനേജർ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേ ഷന്റെ ആലപ്പുഴ യൂണിറ്റ് അംഗം ശ്രീമതി. വിജയലക്ഷ്മി നായ്ക്കിന്റെ ഭർത്താവ് തയ്യിൽ തെക്കേതിൽ പുത്തൻ മഠം ലപ്പുഴ ആർ. കൃഷ്ണ നായ്ക്ക്, റിട്ട. ജനറൽ മാനേജർ ആലപ്പുഴയിലുള്ള വസതിയിൽ

വച്ച് അന്തരിച്ച വിവരം വ്യസന സമേതം

റിപ്പോർട്ട് ചെയ്യുന്നു. കുടുംബാംഗ ങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സി യേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

## ശ്രീമതി അമ്മിണി തോമസ് നിര്യാതയായി



ശ്രീമതി അമ്മിണി തോമസ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേ ഷന്റെ കോട്ടയം ഏരിയ അംഗം ഇ.റ്റി.കുര്യൻ അവറുകളുടെ അമ്മയും മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പിതൃസഹോദരിയും നാട്ടകം പഞ്ചായത്ത് മുൻ പ്രസിഡണ്ടുമായ പള്ളം ഇടത്തും പടിക്കൽ പരേതനായ ഇ.കെ.തോമസിന്റെ ഭാര്യ അമ്മിണി തോമസ് (89) നിര്യാതയായി. പരേത പുതുപ്പള്ളി കരോട്ട് വള്ളക്കാലിൽ കുടുംബാം ഗമാണ്. മക്കൾ ഇ.റ്റി.കുര്യൻ , സുനില. മരുമക്കൾ ഷേർളി കുര്യൻ(റിട്ട. പ്രിൻസിപ്പൽ, കെ.ജി.കോളജ്, പാമ്പാടി), ജേക്കബ് സഖറിയ, കാരിക്കുളം, പരുത്തുംപാറ. മൃതദേഹം 21.01.2021 വെള്ളിയാഴ്ച 5 മണിക്ക് ഭവനത്തിൽ കൊണ്ടുവ ന്നു. സംസ്കാരം ശനിയാഴ്ച 2.30 ന് ഭവനത്തിലെ ശുശ്രൂഷക്ക് ശേഷം കാരമൂട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ നടത്തി. Condolences and Prayers! SBI PAK Kottayam

## ഡോ.എസ്.ഭദ്ര



ഡോ.എസ്.ഭദ്ര

തട്ടയിൽ മല്ലിക മുറിയിൽ തെങ്ങുവിളയിൽ എസ്.ബി.ഐ റിട്ട. ഡെപ്യൂട്ടി മാനേജർ ശ്രീമതി.സുധാദേവിയുടെ മകൾ ഡോ. എസ്. ഭദ്ര (29) അന്തരിച്ച വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. ശ്രീമതി.സുധാദേവിയുടെയും കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

## അബ്ദുൽ ലത്തീഫ് (75)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം കലൂർ ലിങ്ക് അവന്യൂ റോഡ് സ്റ്റാർ കാസിലിൽ പനയ്ക്കപ്പറമ്പിൽ അബ്ദുൽ ലത്തീഫ് (എൽ.എം.7623) അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. കബറടക്കം കലൂർ ജുമാ മസ്ജീദിൽ നടത്തി. ഭാര്യ നസീമ, മക്കൾ:നിഷ, നിയാസ്, നിസ. മരമക്കൾ:നജീബ്,അബ്ബാസ്, നിഷ.



അബ്ദുൽ ലത്തീഫ്

കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു.

## മനോമോഹനൻ.പി.



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ **യൂണിറ്റ് അംഗം** ശ്രീ.മനോമോഹനൻ. പി. ( **എൽ.എം.221** ) **നം.10 എസ്.ബി.ഐ. ഹൌസിംഗ് കോളണി, കണ്ണൂർ** നിര്യാതനായ വിവരം വ്യസന **സമേതം**

അറിയിക്കുന്നു. 78വയസ്സായിരുന്നു. ഭാര്യ സീതാലക്ഷ്മി. ശ്രീമതി. സീതാലക്ഷ്മിയുടെയും കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.



## ഉപദേശക സമിതി

ശ്രീ.കെ.രാജീവൻ,
സംസ്ഥാന പ്രസിഡന്റ്

എ.ജയകുമാർ,
സംസ്ഥാന സെക്രട്ടറി

## പത്രാധിപ സമിതി

### രക്ഷാധികാരി

**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**

മാനേജിംഗ് എഡിറ്റർ

**ശീ.എം.ജി.രാഘവൻ**

ചീഫ് എഡിറ്റർ

ശ്രീ.പി.പി.ഫിലിപ്പ്

**പത്രാധിപ സമിതി അംഗങ്ങൾ**

പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്യാമ്മ ആന്റണി
കെ.വി.ജോർജ്ജ്
കെ. കെ.പാപ്പച്ചൻ

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.

ചീഫ് എഡിറ്റർ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.

കടപ്പാട് വിക്കിപീഡിയ,